# പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5096 02.07.2013 ൽ മറുപടിയ്ക്ക്**

## വൈദ്യുതി ഉത്പാദന പ്രസരണ മേഖലയിൽ ഹാൻജ്ജോക്ക് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതിയുടെ ഉൽപ്പാദന പ്രസരണ മേഖലയിൽ ഇടപെടാൻ കൊറിയൻ കമ്പനിയായ ഹാൻജ്ജോക്കിനെ ചുമതലപ്പെടുത്തി തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ എന്നത്തെ മന്ത്രിസഭായോഗത്തിലാണ് തീരുമാനം എടുത്തതെന്നും, യോഗ തീരുമാനത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ? | (എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ Hanjong Energy & Technology Private (Limited) എന്ന കമ്പനി 30 MWP ശേഷിയുളള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടു വർഷത്തിനുളളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്ന് അറിയിച്ചതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കാൻ 26.09.2012 ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ധാരണാപത്രം ഒപ്പിടുന്നതിനുമുമ്പായി പ്രസ്തുത പ്രപ്പോസൽ വിശദമായി പരിശോധിക്കുകയും 50 മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി റിന്യൂവബിൾ എനർജിയിലൂടെ ഉല്പാദിപ്പിക്കുവാൻ ആഗ്രഹി |

ക്കുന്ന കമ്പനികൾക്കായി കെ.എസ്. ഇ.ബി ഒരു താല്പര്യപത്രം ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി താല്പര്യപത്രം സമർപ്പിക്കുകയും മേൽ കമ്പനിയ്ക്ക് ലെറ്റർ ഓഫ് ഇൻഡന്റ് നൽകുകയും ചെയ്തിട്ടുണ്ട്. കമ്പനിക്ക് വിശദമായ പ്രോജക്ട് പ്രപ്പോസൽ സമർപ്പിക്കുന്നതിന് 6 മാസത്തെ സമയം നല്കിയിട്ടുളളതിനാൽ മേൽ പ്രോജക്ട് റിപ്പോർട്ട് ലഭിച്ച് വിശദമായി പരിശോധിച്ചതിനുശേഷമേ സർക്കാർ അനുമതി നല്കുന്ന കാര്യം തീരുമാനിക്കുകയുളളൂ.

സെക്ഷൻ ഓഫീസർ